# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2686 17.10.2016- ൽ മറുപടിയ്ക്ക്

## ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്നവർ

**ചോദ്യം**

**ശ്രീ. പി. ഉണ്ണി**

എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് ധാരാളം പേർ മടങ്ങി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ 01.07.2011 മുതൽ 31.03.2016 വരെ എത്ര പേർ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തി എന്ന വിവരം ലഭ്യമാണോ ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ?

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ) ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിമൂലം കേരളീയർക്ക് ജോലി നഷ്ടപ്പെടുമെന്ന ആശങ്കയുണ്ട്. എന്നാൽ ഇത് മൂലം ധാരാളം പേർ തിരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി) തിരികെയെത്തുന്ന പ്രവാസി കേരളീയർക്കായി നോർക്ക -റൂട്ട്സ് ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 01.07.2011 മുതൽ 31.03.2016 വരെ 30188 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു .

| ജില്ല | തിരികെയെത്തിയവർ |
|---|---|
| ആലപ്പുഴ | 1160 |
| എറണാകുളം | 1029 |
| ഇടുക്കി | 312 |
| കണ്ണൂർ | 1777 |
| കാസറഗോഡ് | 331 |
| കൊല്ലം | 2696 |
| കോട്ടയം | 1073 |
| കോഴിക്കോട് | 3004 |

| | |
|---|---|
| മലപ്പുറം | 10522 |
| പാലക്കാട് | 2202 |
| പത്തനംതിട്ട | 1012 |
| തിരുവനന്തപുരം | 3397 |
| തൃശ്ശൂർ | 971 |
| വയനാട് | 702 |
| ആകെ | 30188 |

**സെക്ഷൻ ഓഫീസർ**